For Private Circulation Only

July 2018

ആഗമനാരുണൻ

HOLY BIBLE

Vol.65

ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു ..... ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" (കൊലൊ. 3: 1)

No.7

പുനരുത്ഥാനത്തിന്റെ ശക്തി

By A.B.Simpson

" കരുണാ സമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവനിനോടുകൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു" (എഫെ... 2:4,5).

ഒരുവൻ ഉയിർത്തെഴുന്നേൽക്കപ്പെടുമ്പോൾ ഒന്നുമില്ലായ്മയിൽ നിന്നും ആ സ്ഥിതിയത്തിലേക്ക് വരികയാണ്, മരണത്തിൽ നിന്നും ജീവനിലേക്ക് നമ്മുടെ സ്ഥിതി മാറ്റം നിത്യമാണ്. ഒരു യഥാർത്ഥ വിശ്വാസി ഉയിർത്തെഴുന്നേറ്റവനാണ്.

സുവിശേഷത്തിന്റെ മഹത്വം എന്നത് അത് നമുക്ക് സ്വയമായി നന്മ ചെയ്യുവാൻ കഴിയില്ല എന്ന യാഥാർത്ഥ്യം വെളിപ്പെടുത്തുകയും എന്നാൽ നമ്മുടെ നിസഹായതയെയും ഒരു പുതിയ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേല്പിക്കയും നാം അങ്ങനെ ഉയരത്തിൽ നിന്നും ജനിക്കയും സ്വർഗ്ഗീയ ഉറവിടങ്ങളിൽ നിന്നും പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ക്രിസ്തീയ ജീവിതം നമ്മുടെ ഇഷ്ടത്താൽ പരിപോഷിപ്പിക്കപ്പെടുന്നതല്ല, പിന്നെയോ, അത് പ്രകൃത്യാതീതവും ദൈവീകവുമാണ്. മരണം സംഭവിക്കുന്നതുവരെ ഉയിർത്തെഴുന്നേൽപ്പ് നടക്കുന്നില്ല. അത് മുന്നമേ നിർണ്ണയിക്കപ്പെട്ടതാണ്, മരണം യാഥാർത്ഥ്യമാകുന്നതസനുസരിച്ച് ഉയിർത്തെഴുന്നേല്പും യാഥാർത്ഥ്യമായിത്തീരുന്നു. നാം പോകുന്നതിലുടെ ഒന്നും നമുക്ക് നഷ്ടമാകുന്നില്ല, നാം പുറത്തുവരുന്നതുവരെ അകത്ത് പ്രവേശിപ്പാൻ സാദ്ധ്യമല്ല. നാം അവിടുത്തോടുകൂടെ മരിച്ചുവെങ്കിൽ അവിടുത്തോടുകൂടെ ജീവിക്കും.

" ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ" (കൊലൊ. 3: 1)

ഈ വേദഭാഗം വ്യക്തമാക്കുന്നത് നാം മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. പൗലൊസ് ഇവിടെ വിശ്വാസികളോടു സംസാരിക്കുമ്പോൾ മരിക്കുവാനോ ഉയിർത്തെഴുന്നേൽക്കുവാനോ കല്പിക്കയല്ല ചെയ്യുന്നത്. പിന്നെയോ, നിങ്ങൾ ക്രിസ്തുവിനോടുകൂടെ മരിക്കയും ഉയിർത്തെഴുന്നേൽക്കയും ചെയ്തിരിക്കുന്നു എന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. മൂന്നാം വാക്യത്തിൽ പിന്നെയും പൗലൊസ് പറയുന്നത് "നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു " (കൊലൊ. 3:3) എന്നാണ്.

ഒരു പക്ഷേ നിങ്ങൾ പറഞ്ഞേയ്ക്കാം, എനിക്ക് എങ്ങനെ പറയാൻ കഴിയും ഞാൻ മരിച്ചവനാണെന്ന്, ഞാൻ ഇപ്പോഴും തെളിവുകളാൽ ജീവിക്കയല്ലേ എങ്ങനെ പറയാൻ കഴിയും, ഞാൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന് ഞാൻ ഇപ്പോഴും പല കാരണങ്ങളാൽ പഴയതലത്തിൽ തന്നെയല്ലോ? അത് നിങ്ങളെ പുറകോട്ടുവലിക്കുന്ന പരാജയങ്ങളാണ്. പഴയ സ്വഭാവം പിന്നെയും ശേഷിക്കുന്നു. എങ്കിൽ, അതിനെ ജയിക്കുവാനുള്ള ആവശ്യബോധം നമ്മിൽ ഉണ്ടാക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ വിശ്വാസത്തിന് ഒത്തവണ്ണം നാം പ്രാപിക്കുന്നു.

സുവിശേഷത്തിന്റെ മുഴു പദ്ധതിയും ഈ തത്വത്തിൽ അധിഷ്ഠിതമായിരിക്കുന്നു, നമ്മുടെ വിശ്വാസത്തിന്റെ അളവനുസരിച്ച് നാം അത് പ്രാപിക്കുന്നു. നമ്മുടെ ആത്മാവിലുടനീളം വിശ്വാസം വ്യാപരിച്ചിട്ട് അത് നമ്മുടെ ജീവനെ അതിന്റെ കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേല്പിക്കുന്നു. സംശയത്തിന്റെ ആത്മാവ് അവയെ ഉയർത്തി നാം ആ സത്യത്തെ അവിശ്വസിക്കുന്ന കാലത്തോളം നമ്മെ പിന്തുടരുന്നു. ക്രിസ്തുവിന്റെ മരണം നമ്മുടെ ശരീരത്തിൽ വഹിക്കുവാനുള്ള വഴി എന്നത് ഞാൻ ക്രിസ് തുവിൽ മരിച്ചവനാണ് എന്ന് ചിന്തിക്ക എന്നതാണ്.

ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെടുവാനായി നാം നമ്മെത്തന്നെ സമർപ്പിക്കേണ്ടതാണ്, പഴയ ജീവിതത്തെ മുഴുവനായി നീക്കിക്കളഞ്ഞ്, ഉയരത്തിൽ നിന്നും ജനിച്ചവരായി ദൈവത്താൽ രൂപാന്തരപ്പെട്ടവരായിരിക്കുന്നു എന്ന് നമ്മെ സമർപ്പിക്കേണ്ടതാണ്. പെട്ടെന്ന്, നമ്മുടെ പഴയ ജീവിതത്തിന്റെ ദുഷിച്ച പ്രവണതകൾ പ്രത്യക്ഷപ്പെട്ടിട്ട് പഴയ ചിന്തകൾ, ദുഷ്ടപ്രവണതകൾ ഉയർന്നുവന്നിട്ട് ഉച്ച സ്വരത്തിലും മുറവിളിയോടും, ഞങ്ങൾ മരിച്ചവരല്ല എന്ന് പറഞ്ഞിട്ട് അത് പഴയ അനുഭവത്തിലേക്ക് നമ്മെ തിരികെ കൊണ്ടു പോയേക്കാം.

എന്ന് അങ്ങനെയുള്ള ദുഷ്ടചിന്തകളെ ശാസിച്ച് പറയണം, ഇവയെല്ലാം സാത്താന്റെ വഴികളാണ്; ഞാൻ പാപത്തിന് മരിച്ചവനാണ്. ഇവ എനിക്കുള്ളതല്ല; അവ പിശാചിന്റെതാണ്. ഞാൻ അതിനെ ശാസിച്ച് ജയം എടുക്കുകയാണ്. ദൈവം അവയിൽ നിന്നെല്ലാം വിടുവിച്ച് നമ്മെ അക്ഷരീകമായി ദൈവത്തിന് സമർപ്പിച്ചവരായി നിലനിർത്തും. നാം മനസിലാക്കും, അവ എന്റെ ജീവിതത്തിന്റെ ഭാഗമല്ല, എന്നെ പുറകോട്ടു വലിക്കുവാനുള്ള സാത്താന്റെ പരീക്ഷകളാണ്.

" അവൻ തന്റെ മനസ്സിൽ കണക്കുകൂട്ടുന്നതുപോലെയാകുന്നു " (സദൃ. 23:7). നമ്മുടെ ചിന്തയുടെ പ്രതിഫലനങ്ങൾ നമ്മിൽ തന്നെ യാഥാർത്ഥ്യമാകുന്നു. അ

(ശേഷം 6-ാംപേജിൽ)

നമ്മുടെ ഏറ്റവും വലിയ ആവശ്യമായ പരിശുദ്ധാത്മാവ്

By Wesley L Duewel

"**ആത്മാവ് നിറഞ്ഞവരായിരിപ്പിൻ**" (എഫെ. 5:18).

പരിശുദ്ധാത്മാവിന് നാം വിധേയപ്പെട്ടിരിക്കേണ്ടവരാണ് എന്ന കാര്യം നാം മറന്നുപോകുന്നു എന്ന തുടർച്ചയായ അപകടത്തിലാണ് നാം ആയിരിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിന് നമ്മിൽ മാത്രമല്ല നമ്മിലൂടെ ചെയ്യുവാനാഗ്രഹിക്കുന്ന തന്റെ സമഗ്രമായ പദ്ധതികളെ വളരെ ലഘുവായി കാണുകയോ മറന്നുപോകയോ ആണ് നാം ചെയ്യുന്നത്. പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ ദൈവത്തിന് വേണ്ടി ജീവിക്കുവാനോ ദൈവത്തിനു വേണ്ടി പ്രവർത്തിപ്പാനോ സാദ്ധ്യമല്ല.

സമർപ്പിക്കപ്പെട്ട ഒരു വിശ്വാസി എന്നിരിക്കിലും നമ്മിൽ വ്യപരിച്ചുകൊണ്ടിരുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ കൃപയുടെ പ്രവർത്തിയെ മറ്റൊരാളിനെ ഏല്പിച്ച് രക്ഷപ്പെടുവാൻ ശ്രമിക്കുന്നു എന്നതാണ് മറ്റൊരപകടം. കൂട്ടുവിശ്വാസികളെയോ ക്രിസ്തീയ സംഘടനകളെയോ സഹായിക്കാനോ ശുശ്രൂഷിക്കുവാനോ ഉള്ള താലന്തും കഴിവുകളും സാഹചര്യങ്ങളും ഉള്ളപ്പോൾ തന്നെ മറ്റു ചിലർ ചെയ്യട്ടെ എന്ന് ഒഴിഞ്ഞു മാറുകയാണാ ഇവിടെ ചെയ്യുന്നത്. ഇവിടെയാണ് ദൗത്യത്തിനുവേണ്ടി നമ്മെ ശക്തീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാനാകേണ്ടത്.

സുസ്ഥിരമായ ശുശ്രൂഷ

ദൈവപ്രവൃത്തിയെ യാഥാർത്ഥ്യമാക്കുവാൻ കഴിയാതെ ശുശ്രൂഷയിൽ പരാജയപ്പെടുന്ന സ്ഥാനത്ത് നമ്മുടെ സ്വയത്തെ ഇല്ലാതാക്കി ദൈവത്തിന് നമ്മെ പ്രയോജനപ്പെടുത്തുന്ന ദൈവശക്തിയാണ് പരിശുദ്ധാത്മാവ്. നിശ്ചയമായും സമയാ സമയങ്ങളിൽ നമ്മെ ബോധവാന്മാരാക്കി അത്ഭുതപ്പെടുത്തുന്നു, ഇഴുകിച്ചേരുന്ന ആത്മിക മണ്ഡലങ്ങളിലേക്ക് ദൈവകൃപയുടെയും ശക്തിയുടെയും പ്രദർശനങ്ങളിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നടത്തുന്നു. എന്നാൽ ആളുകളെ അത്ഭുതപ്പെടുത്തുക എന്നതല്ല പരിശുദ്ധാത്മാവിന്റെ പ്രധാന ശുശ്രൂഷ. നിറയ്ക്കുക, ഫലമുളളവരായി നിർത്തുക തുടങ്ങിയവയാണ് പരിശുദ്ധാത്മാവിന്റെ പ്രധാന പ്രവൃത്തികൾ സ്വന്ത താല്പര്യത്താലും പ്രയോജനമില്ലാത്ത പ്രതികരണങ്ങളാലും ദൈവാത്മാവിന്റെ പ്രവൃത്തിയെ പരിമിതപ്പെടുത്തി, ക്ഷീണമുള്ളവരായോ ഉത്സാഹമില്ലാത്തവരായോ ഇരിക്കുന്നുവെങ്കിൽ നാം ഫലമില്ലാത്തവരായിത്തീരുന്നു. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ സ്വാഗതം ചെയ്യുക, സമർപ്പിക്കുക, പ്രാർത്ഥിക്കുക.

പ്രവർത്തിയും വിജയവും

വിജയകരമായ ജീവിതത്തിനും അതിന്റെ വിശാലതയ്ക്കും പരിശുദ്ധാത്മാവ് അത്യന്താപേക്ഷിതമാണ്. അവിടുന്ന് നമ്മെ നിറയ്ക്കുന്നതുകൊണ്ട് ആത്മ നിറവിൻ ജീവിതം സാദ്ധ്യമാണ്. അങ്ങനെയാണ് ദൈവം തന്റെ ശക്തി നമ്മിൽ വെളിപ്പെടുന്നത്. ദൈവം നമ്മുടെ മുഴു ജീവിതത്തിന്റെയും കർത്താവാകുമ്പോഴാണ് പരീക്ഷകളിൽ വിജയവും പൂർണ്ണമായി ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കാനാവശ്യമായ ശക്തിയും ലഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ കർത്തൃത്വം എന്നത് വളരെ യാഥാർത്ഥ്യവും ആത്മീക ജീവിതത്തിന്റെ

(ശേഷം 5-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. ''നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ '' (മത്താ. 28:19,20).

2018-ാം വർഷത്തിന്റെ ജൂൺ മാസം നമ്മെ വിട്ട് കടന്നുപോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നുവന്നിരിക്കുന്നു.

കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ നമുക്കു കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തിലെ നന്മകളെ ഓർക്കുക. ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കായും നാം ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുക. മാനുഷികമായി നമ്മുടെ മുമ്പിൽ ഒരു വഴിയും കാണാതെയിരിക്കുമ്പോൾ നമ്മുടെ യാചനകൾക്ക് ഉത്തരം ലഭിക്കില്ല എന്നു തോന്നുന്ന നിമിഷത്തിൽ പോലും ദൈവത്തിൽ നമുക്ക് നന്ദിയുള്ളവരായിരിക്കാൻ കഴിഞ്ഞാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്തുവാൻ സാധിക്കും. ഇതിന് അടിസ്ഥാന വിശ്വാസമാണ്. ക്രിസ്തുവിന്റെ സാക്ഷികളായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

നമ്മെ ഭരിക്കുവാനുള്ള അവകാശം നാം ആർക്കു കൊടുക്കും? നമ്മുടെ മനസ്സും ഇഷ്ടവും ആർക്ക് സമർപ്പിക്കും? തെറ്റും ശരിയും ആർ തിരിച്ചറിയും? ശരിയും തെറ്റും സംബന്ധിച്ച് ആർ തീരുമാനമെടുക്കും? നമ്മുടെ ജീവിതത്തെ സംബന്ധിച്ച അവസാന വാക്ക് ആരുടേതാണ്?

അധികാരത്തെ സംബന്ധിച്ച ചോദ്യങ്ങളാണിവ, ജീവിതത്തിലെ സത്യവും ഇടപാടും സംബന്ധിച്ച നിലവാരത്തെ തീരുമാനിക്കുവാനുള്ള അധികാരം, ആ നിലവാരത്തോടു ഇഴുകിച്ചേരുവാനുള്ള സമ്മർദ്ദവും കല്പനയുമാണത്. എല്ലാ ചോദ്യങ്ങളുടെയും അടിസ്ഥാനമാണത്. നമ്മുടെ ചിന്തകളും തീരുമാനങ്ങളും ആത്യന്തകമായി അടിസ്ഥാനപ്പെട്ടിരിക്കുന്ന അധികാരം.

ആധുനിക മനുഷ്യൻ പുറമേ നിന്നുള്ള സകല സ്വാധീനങ്ങളെയും വിട്ട്, തന്റെ സ്വന്ത അധികാരത്തിലൂന്നി പറയുന്നത്, എന്ത് ചെയ്യണം എന്ന് ആരും എന്നോട് പറയേണ്ട. തീരുമാനിക്കാനുള്ള അധികാരം എനിക്കുണ്ട്, എനിക്ക് നല്ലത് എന്ത് എന്ന് ഞാൻ തീരുമാനിക്കും.

ഈ ചിന്താഗതിക്കെതിരെ ദൈവം പ്രഖ്യാപിക്കുന്നത്, അല്ല! "ഞാനല്ലാതെ അന്യദൈവം നിനക്കുണ്ടാകരുത് ". ഇതാണ് ക്രിസ്തീയതത്വം. ദൈവത്തിന്റെ പരമാധികാരത്തെ നാം അംഗീകരിച്ചു നമ്മെ ഭരിക്കുന്നവനേല്പിക്കുന്നു. വ്യവസ്ഥകൂടാതെ നാം നമ്മെ അവിടുത്തേയ്ക്ക് സമർപ്പിക്കുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെയും തന്റെ വചനത്തിലൂടെയും നമ്മിൽ പ്രവർത്തിക്കുവാൻ തന്റെ പരമാധികാരത്തെ നാം അംഗീകരിക്കുന്നു.

യേശു കർത്താവ്

" യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും " (റോമർ. 10:9).

ഒരു വിശ്വാസി ഇത് ഏറ്റുപറയുമ്പോൾ തന്റെ ജീവിതത്തിലുടനീളം അത് തന്റെ തീരുമാനമാകുമ്പോൾ, യേശുക്രിസ്തുവിനെക്കുറിച്ച് എന്താണവൻ പറയുന്നത്? ഗ്രീക്കു ഭാഷ പഠിക്കുമ്പോൾ കർത്താവ് എന്നതിന്റെ യഥാർത്ഥ അർത്ഥം ഉടമസ്ഥൻ എന്നാണ്. ഭൂമിയുടെ ഉടമസ്ഥൻ എന്ന അർത്ഥമുണ്ട്. അങ്ങനെ യേശു സർവ്വലോകത്തിന്റെയും ഉടമസ്ഥനാണ്. അവൻ നിത്യമായ ദൈവവചനമായിരുന്നു. അവിടുന്ന് എല്ലാറ്റെയും സൃഷ്ടിച്ചു, അങ്ങനെ അവയ്ക്ക് ഒരു ആരംഭമുണ്ടായി (യോഹ. 1:1-3).

യേശു സകലത്തിന്റെയും ഉടമസ്ഥനുമാണ്. യേശു മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, തന്റെ ശത്രുക്കളെ പരാജയപ്പെടുത്തി അവയുടെ മേൽ ജയമെടുത്തു " (മത്താ. 28:18, വെളി 1:18). അവിടുന്ന് സൃഷ്ടിതാവാണ്. ജയിച്ച കർത്താവാണ്. അവിടുന്ന് സകലത്തിന്റെ യും കാരണഭൂതനാണ്. യേശു സകലത്തിന്മേലും അധികാരമുള്ളവനാണ്.

യേശുവിനെ രക്ഷിതാവും കർത്താവുമായി ഏറ്റുപറയുമ്പോൾ നാം നമ്മെക്കുറിച്ച് ചില കാര്യങ്ങൾ പറയുകയാണ്. യേശുവിനെ നമ്മുടെ കർത്താവും ഉടമസ്ഥനുമായി നാം അംഗീകരിക്കുന്നു. എന്റെ ജീവിതത്തിന്റെ ഉടമസ്ഥനും സർവ്വാധികാരിയും യേശു ആണ് എന്ന് നാം ഏറ്റുപറയുന്നു. നാം ഏറ്റുപറയുന്നത് നാം അവിടുത്തെ ദാസന്മാരും അവിടുത്തേ യ്ക്ക് ഇഷ്ടമുള്ള അടിമ എന്നുമാണ് (ഫിലി. 1:1). വ്യവസ്ഥ കൂടാതെ നാം സമർപ്പിച്ച് പറയുന്നത് എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നടക്കട്ടെ എന്നാണ്.

നസറേത്തുകാരനായ യേശുവിലൂടെ ദൈവം

വേദപുസ്തകത്തിന്റെ ആധികാരികത

By Jack Cottrell

ലോകത്തിലേക്ക് വന്നു. ദൈവത്തിന്റെ നിറഞ്ഞ ആളത്വവും അധികാരവും യേശുവിൽ വസിക്കുന്നു (കൊലൊ. 2:9). ദൈവത്തിന്റെ ഓരോ വചനങ്ങൾക്ക് നമ്മെത്തന്നെ സമർപ്പിച്ച് നാം പറയുന്നു, യേശുകർത്താവ്

അവിടുത്തെ വാക്ക് അവസാനത്തേതാണ്

ആർക്കെങ്കിലും അധികാരം ഉണ്ട് എന്ന് പറഞ്ഞാൽ അത് ദൈവവചനത്തിലൂടെയുള്ളതാണ്. ശക്ത

(ശേഷം 7-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

പ്രതിയോഗിയെ നേരിടുന്നു

By Neil Anderson

യേശുവിന്റെ ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ കണ്ണുകളെ പ്രകാശിപ്പിക്കുന്ന അനുഭവമായിരുന്നു: "നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴടങ്ങുന്നു" (ലൂക്കൊ. 10:17) കീഴടങ്ങുക ഒരു രാജ്യത്തിന്റെ സേനയെ ഓർമ്മപ്പെടുത്തുന്ന വാക്കാണ്. ഇത് ചിത്രീകരിക്കുന്നത്, ഒരു കൂട്ടം പട്ടാളക്കാർ തങ്ങളുടെ മേധാവിയെ കൃത്യമായി അനുസരിക്കുവാൻ കൂടിവരുന്നതിനെയാണ്.

ഒരു പക്ഷേ യേശുവിന്റെ ശിഷ്യന്മാരും ഈ ചിന്താഗതിയോടിരുന്നവരായിരിക്കാം. നോക്കുക ദൈവവും തന്റെ രാജ്യവും ഒരു വശത്തു, മറുവശത്ത് സാത്താനും അവന്റെ രാജ്യവും, രണ്ട് രാജ്യങ്ങളും ഒരുപോലെ ശക്തിയുള്ളത് എന്ന് തോന്നും. നാം ഈ രണ്ട് രാജ്യങ്ങളുടെയും മദ്ധ്യത്തിലാണ്. ചില ദിവസങ്ങൾ ദൈവത്തിന്റെ രാജ്യം ജയിക്കുന്നു എന്ന് തോന്നും. അടുത്ത ദിവസം സാത്താന്റെ കൈ ഉയർന്നിരിക്കുന്നതായി തോന്നും. ആർ ജയിക്കും എന്ന് നമുക്ക് പറയാൻ കഴിയാത്ത അവസ്ഥ.

എന്നാൽ ശിഷ്യന്മാർ ഒരു പുതിയ കാഴ്ചപ്പാടുമായി മുന്നോട്ടു വരുന്നു. ഒരു സമതലത്തിൽ ശക്തി പരീക്ഷണം നടത്തുന്ന അനുഭവമല്ല ആത്മീയ അധികാരം എന്നത്, പിന്നെയോ ആജ്ഞയ്ക്കെതിരെ നിൽക്കുന്ന അനുഭവമത്രെ. യേശു ക്രിസ്തു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള അധികാരമുള്ള കർത്താവാണ് " (മത്താ. 28:18). അവിടുന്ന് ഉയരത്തിലാണ്. ആ അധികാരത്തെ തന്റെ നാമത്തിൽ പ്രയോഗിക്കുവാൻ ആണ് അവിടുന്ന് നൽകിയത് (ലൂക്കൊ. 10:17) നാം അവിടുത്തെ കല്പനയ്ക്ക് കീഴെയാണ്. സാത്താനും അവന്റെ കൂട്ടരും പിന്നെ എവിടെയാണ്? ക്രിസ്തു നമുക്കു തന്നിരിക്കുന്ന അധികാരത്തിനും കീഴെയാണവർ. അവർക്ക് നിങ്ങളുടെ ജീവിതത്തിൽ അധികാരം നടത്തുവാൻ അവകാശമില്ല.

പിന്നെ എന്തുകൊണ്ട് ആണ് സാത്താനും കൂട്ടരും അവന്റെ ഇരുട്ടിന്റെ പ്രവർത്തികളും ലോകത്തിലും ദൈവമക്കളുടെ ജീവിതത്തിലും സ്വാധീനം ചെലുത്തുന്നത്? ഒറ്റവാക്കിൽ, അത് കള്ളം, സാത്താന് ദൈവവുമായി തുല്യശക്തിയില്ല; അവൻ തോറ്റ ശത്രുവാണ്. എന്നാൽ അവന് നമ്മെ വഞ്ചിക്കുവാൻ കഴിയും, അവന് നിങ്ങളെക്കാൾ ശക്തിയുണ്ടെന്ന് പറഞ്ഞ് നിങ്ങളെ വഞ്ചിക്കുവാൻ ശ്രമിക്കും. എന്നാൽ അന്ധകാര ശക്തിയുടെ മേൽ കർത്താവ് നമുക്ക് അധികാരം നൽകിയിരിക്കുന്നു, നാം അത് വിശ്വസിക്കുന്നില്ലെങ്കിൽ, ആ അധികാരം പ്രയോഗിക്കുന്നില്ല എങ്കിൽ, സാത്താൻ നമ്മുടെ ഉള്ളിൽ ഭയം ഉണ്ടാക്കുവാൻ ശ്രമിക്കും. എന്നാൽ അപ്പോൾ ക്രിസ്തുവിലുള്ള നമ്മുടെ പദവിയെകാത്തുകൊണ്ട് ആത്മാവിന്റെ ഫലങ്ങളെയും പുറപ്പെടുവിച്ച് നമ്മെത്തന്നെ ധൈര്യപ്പെടുത്തി ഭയത്തെ ഒഴിവാക്കേണ്ടതാണ് (ഗലാ. 5:23).

ലോകത്തിൽ നമുക്ക് ദൈവത്തിന്റെ മുദ്ര

ശിഷ്യന്മാരായ 12 പേരെ, പിന്നെ എഴുപതുപേരെ അധികാരത്തോടെ പറഞ്ഞയച്ചു എന്ന് നാം വിശ്വസിക്കുന്നു, എന്നാൽ നാം ജീവിക്കുന്നത് മറ്റൊരു യുഗത്തിലാണ്. സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന അധികാരത്തെ ലേഖനങ്ങളിലും കാണുന്നു. അത് ഇന്ന് പ്രവർത്തിക്കുന്നു എന്ന് വിശ്വസിക്കാൻ കഴിയുമോ?

നിശ്ചയമായും! യേശു മരിച്ചു, ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു, പരിശുദ്ധാത്മാവിനെ പകർന്നു തന്നു എന്നുള്ളതിനാൽ ആത്മീയ യുദ്ധത്തിൽ പോരാടുവാൻ ശിഷ്യന്മാർക്കു ലഭിച്ചതിനെക്കാൾ അധികാരമത്രേ നമുക്ക് ലഭിച്ചിരിക്കുന്നത്. അവർ കർത്താവിനോട് കൂടെയായിരുന്നു (മർക്കൊ. 3:14,15). എന്നാൽ നാം ക്രിസ്തുവിൽ ആണ്. എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ ആദ്യവരികളിൽ തന്നെ പൗലൊസ് വ്യക്തമാക്കുന്നു. ശ്രദ്ധിക്കുക, എത്ര പ്രാവശ്യമാണ് പൗലൊസ് നമ്മുടെ പദവിയെ സംബന്ധിച്ചു പറയുന്നത്.

" സ്വർഗ്ഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുക്കുകയും " (എഫെ.1:3,4) " അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുന്നിയമിക്കയും ചെയ്തുവല്ലോ. അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങലുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട് " (വാ. 6,7). അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിന് തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അത് സ്വർഗ്ഗത്തിലും ഭൂമിയിലുളളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായികൊണ്ടു തന്നെ " (വാ. 9,10). അതു സ്വർഗ്ഗത്തിലും ഭൂമിയിലുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായി കൊണ്ടുതന്നെ. അവനിൽ നാം അവകാശവും പ്രാപിച്ചു. അവന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണ്ണയപ്രകാരം മുൻനിയമിക്കപ്പെട്ടത് മുമ്പിൽ കൂട്ടി ക്രിസ്തുവിൽ ആശവച്ചവരായ ഞങ്ങൾ അവന്റെ മഹത്വത്തിന്റെ പുകഴ്ചയ്ക്കാകേണ്ടതിനു തന്നെ. അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ട് (വാ. 1013).

ആർക്കും തന്റെ വാക്കുകൾ നഷ്ടമായിപ്പോകുരതെന്ന് പൗലൊസ് വാഞ്ഛിക്കുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തവും തന്റെ പരിശുദ്ധാത്മാവുമായുള്ള വ്യക്തിപരമായ ബന്ധത്തെയും അതിന്റെ ഫലമായുള്ള അനുഗ്രഹത്തെയും ഇവിടെ വ്യക്തമാക്കുകയാണ്. ക്രിസ്തുവിന്റെ നമ്മുടെ പദവിയെ സംബന്ധിച്ചും സ്ഥാപിച്ചും സംസാരിക്കുകയാണ്. ആത്മ നിറവിൽ ജീവിക്കുന്ന വിശ്വാസികളെ സംബന്ധിച്ച് പൗലൊസ് തന്റെ പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്തു. അവന്റെ വിളിയാലുള്ള ആശ ഇന്നതെന്ന് വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുള്ള അളവറ്റ വലിപ്പം ഇന്നതെന്ന് നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ

(ശേഷം 8-ാംപേജിൽ)

(2-ാം പേജിന്റെ തുടർച്ച)

നമ്മുടെ ഏറ്റവും വലിയ ആവശ്യമായ പരിശുദ്ധാത്മാവ്

ശക്തിയും രൂപാന്തരത്തിലും അത് വെളിപ്പെടുകയും ചെയ്യുന്നു. നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ വാസവും, രൂപാന്തരപ്പെടുത്തുന്ന കർത്തൃത്വവും ആത്മാവിലുള്ള സംതൃപ്തിയും സർവ്വശക്തനായ ദൈവത്തിന്റെ പ്രവൃത്തിയാണ്.

ശക്തമായ ശുശ്രൂഷ

നമ്മുടെ ശുശ്രൂഷയുടെ വിജയകരമായ പൂർത്തീകരണത്തിന് പരിശുദ്ധാത്മാവ് ആവശ്യമാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളിൽ നിന്നും ദൈവം ചില ശുശ്രൂഷകൾ ആവശ്യപ്പെടുന്നു. അവിടുത്തെ സാക്ഷികളായിരിപ്പാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവ് ശ്രേഷ്ടനായ സാക്ഷിയാണ്. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാലല്ലാതെ വിജയകരമായ ഒരു ശുശ്രൂഷ ചെയ്യുവാൻ നമുക്ക് സാദ്ധ്യമല്ല. പരിശുദ്ധാത്മാവിന്റെ അഭിഷേകം ഇല്ലാതെ നമ്മുടെ അധരങ്ങൾക്ക് വിജയകരമായി സാക്ഷ്യം പറയാൻ സാദ്ധ്യമല്ല. നമ്മുടെ ആത്മനിറവിൽ ജീവിതം ഒരു ദൈവപൈതൽ എന്ന നിലയിൽ നമ്മെ ക്രിസ്തു സ്വഭാവമുള്ളവരാക്കി തീർക്കുന്നു. മനോഹരവും, അനുഗ്രഹിക്കപ്പെട്ടതും, വിശുദ്ധവും ആയ ക്രിസ്തീയ ജീവിതം നൽകി മറ്റുള്ളവരുടെ മുമ്പിൽ യോഗ്യനായ ദൈവപൈതലാക്കി നമ്മെ നിർത്തുന്നു. ഒരു ദൈവപൈതൽ എന്ന നിലയിൽ ആത്മ നിറവിൽ ജീവിതം മറ്റുള്ളവരിൽ നിന്നും നമ്മെ വ്യത്യസ്തരാക്കിത്തീർക്കുന്നു.

ഓരോ വിശ്വാസിയും തങ്ങളുടെ അധരങ്ങൾ കൊണ്ട് കർത്താവിനെ സാക്ഷിക്കേണം; ആത്മനിറവുള്ള ഒരു ജീവിതത്തിന് സാക്ഷിക്കാതെ മറഞ്ഞിരിപ്പാൻ സാദ്ധ്യമല്ല. മറ്റുള്ളവരുടെയിടയിൽ നാം ജീവിക്കുമ്പോൾ ആത്മ നിറവുള്ളവരായ നാം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരാണെന്നും യേശുവിന്റെ വകയാണെന്നും ബോദ്ധ്യമാക്കാതെ ജീവിക്കാൻ കഴിയുമോ? ആത്മ നിറവുള്ള വ്യക്തിക്ക് തങ്ങളിലുള്ള കർത്താവിന്റെ സാക്ഷ്യത്തെ മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല.

ഈ കാര്യങ്ങളെ നിഷേധിക്കുന്നവർ പോലും ചിലർ നമ്മിലൂടെ ക്രിസ്തുവിങ്കലേക്കു ആകർഷിക്കപ്പെടുവാനിടയാകും. നമ്മുടെ വിശുദ്ധ ജീവിതവും സന്തോഷവും ആത്മ നിറവുള്ളതുമായ ജീവിതം കണ്ട് കുറ്റബോധമുണ്ടാകുവാനിടയാകും. ഒരു ദു:ഖസത്യം എന്നത് അനേക വിശ്വാസികൾ യഥാർത്ഥമായി കർത്താവിനെ സാക്ഷിക്കുന്നവരല്ല. അവർ പരിശുദ്ധാത്മാവിന്റെ പൂർണ്ണ ശുശ്രൂഷ ചെയ്യുന്നവരല്ല. ആളുകളെ രൂപാന്തരപ്പെടുത്തുന്ന ആത്മ നിറവിൽ ജീവിതമുള്ള ആളുകളെ സഭയും ലോകവും കാത്തിരിക്കുന്നു.

പ്രാർത്ഥനയിൽ സഹായം

ദൈവം ഇഷ്ടപ്പെടുന്ന പ്രാർത്ഥനാ ശുശ്രൂഷ പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ സാദ്ധ്യമല്ല. ന്യായവിധിദിവസത്തിൽ നാം നിൽക്കുമ്പോൾ നാം മറ്റുള്ളവർക്കുവേണ്ടി എങ്ങനെ പ്രാർത്ഥിച്ചു എന്നും എത്രത്തോളം പ്രാർത്ഥിച്ചു എന്നും ചോദിക്കും എന്നു മനസിലാക്കിയിട്ടുണ്ടോ? പരിശുദ്ധാത്മാവിന്റെ പൂർണ്ണ കർത്തൃത്വത്തിൻ കീഴിൽ നാം ആയിരിക്കുമ്പോൾ ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിലുള്ള ഒരു പ്രാർത്ഥനാ ശുശ്രൂഷ നാം ചെയ്യുന്നു എന്ന് ഉറപ്പാക്കണം.

നാം ആർക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്നറിയുവാൻ പരിശുദ്ധാത്മാവിന്റെ സഹായം നമുക്കാവശ്യമാണ്. എപ്പോഴും എല്ലാവർക്കും വേണ്ടി പ്രാർത്ഥിപ്പാൻ നമുക്കു കഴികയില്ല. നൽകപ്പെട്ടിരിക്കുന്ന സമയങ്ങളിൽ ഏറ്റവും കൂടുതൽ ആവശ്യത്തിലിരിക്കുന്നത് ആരെന്ന് പരിശുദ്ധാത്മാവ് നമ്മെ ബോദ്ധ്യപ്പെടുത്തും. നാം ഒരു പ്രാർത്ഥനാ ലിസ്റ്റ് അനുസരിച്ച് പ്രാർത്ഥിക്കുമ്പോൾ പോലും പ്രത്യേക പ്രാർത്ഥന ആവശ്യമായിരിക്കുന്ന ചിലരിലേക്ക് പരിശുദ്ധാത്മാവ് നമ്മുടെ ശ്രദ്ധയെ തിരിക്കാറുണ്ട്. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് നമുക്ക് ആവശ്യമാണ്. നാം ആത്മനിറവും ആത്മാവിന്റെ നടത്തിപ്പിനെക്കുറിച്ച് ബോദ്ധ്യവമുള്ള ആളാണെങ്കിൽ ആത്മാവ് നമ്മെ ഒരു പ്രത്യേക സമയത്തിലേക്കും ആവശ്യത്തിലിരിക്കുന്ന ഒരു വ്യക്തിയിലേക്കും നമ്മുടെ ശ്രദ്ധയെ തിരിക്കും. ആത്മാവിൽ പോരാടുന്നു എന്നോ പ്രാർത്ഥനയിൽ യുദ്ധം ചെയ്യുന്നു. എന്നൊക്കെ പറയും പോലെ നിയമിക്കപ്പെട്ട സമയങ്ങളിൽ യഥാർത്ഥമായ ആവശ്യ ബോധത്തോടെ പ്രാർത്ഥിക്കുവാനും ആഴമായ സ്നേഹത്തേയും വിശ്വസ്തയെയും വെളിപ്പെടുത്തുവാനും പരിശുദ്ധാത്മാവിന്റെ സഹായം നമുക്കാവശ്യമാണ്. ദൈവം മറുപടി നൽകുന്നവരെയും ദൈവത്തിന്റെ വാഗ്ദത്തങ്ങളെ മുറുകെ പിടിച്ച് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്കാവശ്യമാണ്.

മറ്റെല്ലാ ആവശ്യങ്ങൾക്കും മീതെ

നാം പറയുന്ന വാക്കുകളിൽ, പ്രാർത്ഥിക്കുന്ന വിഷയങ്ങളിൽ, ചെയ്യുന്ന കാര്യങ്ങളിൽ നമ്മെ നടത്തുന്ന പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ഒരു ദിവസം പോലും മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. പരിശുദ്ധാത്മാവിന്റെ അത്യന്ത ശക്തിയും സുഗന്ധം പരത്തുന്ന മനോഹാരിതയും രൂപാന്തരപ്പെടുത്തുന്ന ദൈവകൃപയും ആത്മിക ജീവിതത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. മറ്റെല്ലാ ആവശ്യങ്ങളെക്കാളും പരിശുദ്ധാത്മാവിന്റെ ശക്തി നമുക്ക് ആവശ്യമാണ്.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ നമ്മുടെ ശുശ്രൂഷയിൽ, നമ്മുടെ കുടുംബജീവിതത്തിൽ, സഭയിൽ, നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും പരിശുദ്ധാത്മാവിന്റെ ശക്തി നമുക്കാവശ്യമാണ്. എല്ലാറ്റിനും മീതെ പരിശുദ്ധാത്മാവ് നമ്മുടെ വലിയ ആവശ്യമാണ്.

"സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊ. 11:13). അവിടുത്തെ സ്വാഗതം ചെയ്യുക, അവിടുന്ന് പൂർണ്ണമായും സ്വതന്ത്രമായും നമ്മിൽ പ്രവർത്തിക്കും. നിങ്ങളെത്തന്നെ ദൈവത്തിന് സമർപ്പിക്ക, നമ്മുടെ ജീവിതത്തിന്റെ ചുമതലകൾ അവിടുന്ന് ഏറ്റെടുക്കും. അവിടുത്തെ അനുസരിക്കും, അവിടുന്ന് നമ്മെ അഭിഷേകം ചെയ്തു ഉപയോഗിക്കും. പുത്രനായ ദൈവത്താൽ വാഗ്ദത്തം ചെയ്തു, പിതാവാം ദൈവത്താൽ നൽകപ്പെട്ടിരിക്കുന്നു. അവിടുന്ന് നമ്മുടെ ജീവിതത്തിലേക്ക് എഴുന്നെള്ളട്ടെ: പൂർണ്ണമായി നമ്മിൽ നിറയട്ടെ; നമ്മുടെ എല്ലാറ്റിനും എല്ലാം പരിശുദ്ധാത്മാവായിരിക്കട്ടെ. അവിടുന്ന് ആത്മാവായ ദൈവമാകുന്നു. അവിടുന്ന് നമ്മുടെ സകല ആവശ്യങ്ങൾക്കും മതിയായവനാണ്. പരിശുദ്ധാത്മാവ് നമ്മുടെ ഏറ്റവും വലിയ ആവശ്യമാണ്.

പരിശുദ്ധാത്മാവേ വരണമേ, അടിയനെ ധാരാളമായി നിറയ്ക്കണമേ. ❖

(1-ാം പേജിന്റെ തുടർച്ച)

പുനരുദ്ധാനത്തിന്റെ ശക്തി

ങ്ങനെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ തത്വങ്ങളാകുന്ന വ്യക്തിപരമായ നീതി, വിശുദ്ധി, സമർപ്പണം തുടങ്ങിയവ ദൈവത്തിങ്കലേയ്ക്ക് നമ്മെ അടുപ്പിച്ച് ഉറപ്പിക്കുന്നു. നാം ക്രിസ്തുവിനോട് കൂടെ മരിച്ചു എന്നും ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു എന്നും നാം അറിയുന്നു.

അവിടുത്തെ ഇഷ്ടപ്രകാരം ജീവിക്കാം

നമ്മുടെ മനോഭാവം നമ്മുടെ ലക്ഷ്യത്തെ സ്വാധീനിക്കും. ആളുകൾ തങ്ങളുടെ നിലനില്പിനു വേണ്ടി ജീവിക്കുന്നു. ഉന്നത കുടുംബത്തിൽ ജനിച്ചവർ അവന്റെ കുലീനത വഹിച്ച് തന്റെ പൂർവ്വ പിതാക്കന്മാരെപ്പോലെ ചിന്തിക്കുവാൻ തുടങ്ങുന്നു, അതുപോലെ ഉയരത്തിൽ നിന്നും ജനിച്ചിരിക്കുന്നു എന്ന് ബോദ്ധ്യമുള്ളവൻ ദൈവ രാജ്യത്തിന്റെ നിലവാരത്തിനനുസരിച്ച് ദൈവമക്കളായി നടക്കുന്നു.

തിരുവചനപ്രകാരം നാം നോക്കുമ്പോൾ, പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു " (കൊലൊ. 3:9,10, എഫെ. 4:22-25). ദരിദ്രൻ എന്ന പേര് മാറി, ഇപ്പോൾ രാജകുമാരൻ എന്ന പേരായി. അതുകൊണ്ട് യാചകന്റെ പുതപ്പ് മാറ്റിയിട്ട് രാജകുമാരന്റെ ഉടുപ്പ് ധരിക്കുന്നു. നാം പുതിയ മനുഷ്യനെ ധരിക്കുന്നു. അതുകൊണ്ട് നാം ദയ ധരിക്കേണം. താഴ്മ ധരിക്കേണം, സൗമ്യതയും ദീർഘക്ഷമയും ധരിക്കേണം, ധരിച്ചിരിക്കുന്ന എല്ലാറ്റെയും ചേർത്തു കെട്ടി അരക്കച്ച ധരിക്കേണം. നമുക്കു ധരിക്കുവാനുള്ള ഏറ്റവും പ്രധാന വസ്ത്രം ക്രിസ്തുവാണ്. ക്രിസ്തുവിനെ നാം ധരിക്കേണം.

പുനരുത്ഥാന ജീവതം, അത് പ്രായോഗികമാണ്. കുടുംബബന്ധങ്ങളിലും, അടുത്ത ബന്ധങ്ങളിലും ദാസൻ യജമാനൻ ബന്ധങ്ങളിലും ജീവിതത്തിന്റെ എല്ലാ കടപ്പാടുകളോടുള്ള ബന്ധത്തിലും അതിനെ ബന്ധപ്പെടുത്തിയാണ് അപ്പോസ്തലന്മാർ സംസാരിക്കുന്നത്. നാം എവിടെയായിരുന്നാലും നമ്മുടെ ഇടപെടലുകളിലും നമ്മുടെ ലക്ഷ്യങ്ങളിലും അത് സ്വാധീനിക്കുന്നു.

പ്രായോഗിക ശക്തി

പുനരുദ്ധാനത്തിന്റെ ശക്തി നമ്മെ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന പ്രായോഗിക ജീവിതത്തിലേക്ക് നമ്മെ നടത്തുന്നു. അതു ഒന്നാമതായി നമ്മുടെ പ്രത്യാശയേയും, ധൈര്യത്തേയും ഉറപ്പാക്കുന്നു. കാരണം യേശുവിന്റെ പുനരുദ്ധാനം, നമ്മുടെ വീണ്ടെടുപ്പിന്റെ മറുവില കൊടുത്തു തീർത്തു എന്നതിന്റെ ഉറപ്പും കർത്താവിന്റെ പ്രായശ്ചിത്ത യാഗത്തിന്റെ പൂർത്തീകരണവുമായിരുന്നു.

യേശു കല്ലറയിൽ നിന്നും വിജയകരമായി പുറത്തുവന്നപ്പോൾ, താൻ ഏറ്റെടുത്ത ദൗത്യം പൂർത്തീകരിച്ചു എന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തുകയും താൻ പൂർത്തീകരിച്ച രക്ഷണ്യ വേലയിൽ പിതാവാം ദൈവം സംതൃപ്തനാവുകയും ചെയ്തു. അതുകൊണ്ട്, വിശ്വാസം യേശുവിന്റെ പുനരുദ്ധാനത്തിൽ ശാശ്വതമായ അടിസ്ഥാനമായിരിക്കുന്നു. " ക്രിസ്തു യേശു മരിച്ചവൻ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ, അവൻ ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു" (റോമർ 8:34).

രണ്ടാമതായി ക്രിസതുവിന്റെ പുനരുദ്ധാനത്തിന്റെ ശക്തി നമ്മെ ശുദ്ധീകരിക്കുന്നു. നമ്മുടെ പഴയജീവിതത്തെ എണ്ണുവാൻ അതു നമ്മെ സഹായിക്കുന്നു. അതു പഴയജീവിതത്തെ അസാധുവാക്കുന്നു. ഒരിക്കലും നാം പിന്നെയും ദൈവത്തിന്റെ മുമ്പിൽ പഴയ മനുഷ്യനായിരിക്കുന്നില്ല. നാം നിശ്ചയമായും നമ്മെത്തന്നെ നഷേധിച്ച് അടുത്തു ചെല്ലുന്നു. ഉയിർത്തെഴുന്നേറ്റ് നമ്മുടെ ഉള്ളിൽ വസിപ്പാനായി വരുന്നു. അവിടുന്ന് നമ്മുടെ പുതുജീവിതത്തിന്റെ ശക്തിയും മഹത്വവുമാണ്.

ഇത് കേവലം പുനരുത്ഥാനത്തിന്റെ വസ്തുത മാത്രമല്ല, വിജയവും ശക്തിയും നൽകുന്ന കർത്താവുമായുള്ള കൂട്ടായ്മയും കൂടെയാണ്. ഉദാത്തമായ ഒരു വിരോധാഭാസവും ഇവിടെ നാം കാണുകയാണ്. " ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു" (ഗലാ. 2:20). ഇത് ഏക സത്യവും നിലനിൽക്കുന്ന വിശുദ്ധീകരണവും ആകുന്നു. നമ്മിൽ വസിക്കുന്ന ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ വിശ്വാസവും അനുസരണമാകുന്നു.

മൂന്നാമതായി പുനരുദ്ധാനത്തിന്റെ ശക്തി തന്നെ സൗഖ്യമാക്കുന്നു. പുനരുദ്ധാന ദിവസം കല്ലറയിൽ നിന്നും പുറത്തു വന്ന ശരീരം ഒരു ഭൗതിക ശരീരമാണ്. ആ ശരീരം നമ്മുടെ ശരീരങ്ങളുടെ തലയും, നമ്മുടെ ശാരീരിക ആരോഗ്യത്തിന്റെ അടിസ്ഥാനവും നമ്മുടെ ആത്മീക ജീവിതവുമാണ്. നാം യേശുവിനെ അറികയും ആശ്രയിക്കയും ചെയ്യും, അവിടുന്ന് നമ്മുടെ ശരീരത്തിനും ആത്മാവിനും വേണ്ടുന്നത് നൽകുന്നു. മാത്രമല്ല നമ്മുടെ മർത്യശരീരത്തിൽ പുതിയതും പ്രകൃത്യാതീതവുമായ ശക്തിയും നമ്മുടെ ഭൗതിക ശരീരത്തിൽ ഭാവിയിൽ സംഭവിക്കുന്ന പുനരുദ്ധാനത്തിന്റെ തുടിപ്പും അനുഭവിച്ചറിയുന്നു.

മൂന്നാമതായി പുനരുത്ഥാനത്തിന്റെ ശക്തി തന്നെ സൗഖ്യമാക്കുന്നു. പുനരുത്ഥാന ദിവസം കല്ലറയിൽ നിന്നും പുറത്തു വന്ന ശരീരം ഒരു ഭൗതികശരീരമാണ്. ആ ശരീരം ആരോഗ്യത്തിന്റെ അടിസ്ഥാനവും നമ്മുടെ ആത്മിക ജീവിതവുമാണ്. നാം യേശുവിനെ അറികയും ആശ്രയിക്കയും ചെയ്യും, അവിടുന്ന് നമ്മുടെ ശരീരത്തിനും ആത്മാവിനും വേണ്ടുന്നത് നൽകുന്നു. മാത്രമല്ല നമ്മുടെ മർത്യശരീരത്തിൽ പുതിയതും പ്രകൃത്യാതീതവുമായ ശക്തിയും നമ്മുടെ ഭൗതികശരീരത്തിൽ ഭാവിയിൽ സംഭവിക്കുന്ന പുനരുദ്ധാനത്തിന്റെ തുടിപ്പും അനുഭവിച്ചറിയുന്നു.

നാലാമതായി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മെ ഊർജ്ജം പകർന്ന് ധൈര്യപ്പെടുത്തി പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്ന ദൈവം എന്ന് വിളിച്ച് പറയുവാനും പ്രയാസ ഘട്ടങ്ങളിൽ ദൈവത്തിൽ ആശ്രയിപ്പാനും നമ്മെ സഹായിക്കുന്നു. കല്ലുരുട്ടി മാറ്റി തുറക്കപ്പെട്ട കല്ലറയുടെ മുമ്പിൽ എന്ത് പ്രയാസങ്ങൾക്കും അസാധ്യതകൾക്കുമാണ് സ്ഥാനമുള്ളത്. ദൈവം തന്റെ മഹത്വത്തെയും ശക്തിയെയും നമ്മെ പഠിപ്പിക്കുവാനാഗ്രഹിച്ചു സംസാരിക്കുന്നത്, "വിശ്വസിക്കുന്ന നമുക്കു വേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്ന് നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ "അവൻ ക്രിസ്തുവിലും വ്യാപരിച്ച് അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്ക

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

പുനരുദ്ധാനത്തിന്റെ ശക്തി

യും..... സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും ചെയ്തു “ (എഫെ. 1:19-21). ക്രിസ്തുവിന്റെ പുനരുത്ഥാനം എന്ന ത് നമുക്ക് ചോദിക്കാൻ കഴിയുന്ന കാര്യങ്ങളുടെ പ്രതിജ്ഞയാണ്. ആ പുനരുത്ഥാനത്തിന്റെ ശക്തിയിൽ പൂർ ണ്ണമായി വിശ്വസിക്കുന്നുവെങ്കിൽ കഴിഞ്ഞ ഏതുകാലത്തിലും ചെയ്തതിനേക്കാളുപരി കർത്താവിന്റെ നാമത്തിൽ ചെയ്യുവാൻ അത് നമ്മെ ശക്തീകരിക്കും.

അഞ്ചാമതായി യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്തിന്റെ ശക്തി സത്യത്തിന് സേവ ചെയ്യുവാൻ നമ്മെ ശക്തീകരിക്കുന്നു. പുനരുത്ഥാനത്തിന്റെ സാക്ഷ്യം എപ്പോഴും വ്യത്യസ്തമായി പ്രവർത്തിച്ച് പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തി എന്ന നിലയിൽ മനുഷ്യകുലത്തിന്റെ രക്ഷയ്ക്ക് അത് കാരണമാവുന്നു. അപ്പോസ്തലന്മാരുടെ ശുശ്രൂഷയുടെ പ്രധാന ഉദ്ദേശം അതായിരുന്നു. അവർ എപ്പോഴും പ്രസംഗിച്ചിരുന്നത് യേശുവിനെയും അവിടുത്തെ പുനരുത്ഥാനത്തെയുമാണ്. പുനരുത്ഥാനത്തിന്റെ ശക്തി ക്രിസ്തീയ ജീവിതത്തിനും ക്രിസ്തീയ പ്രവർത്തനത്തിന്റെ ശക്തി ക്രിസ്തീയ ജീവിതത്തിനൂം ക്രിസ്തീയ പ്രവർത്തനങ്ങൾക്കും പ്രകാശവും പ്രത്യേക ആകർഷണീയതയും നൽകുന്നു.

ഒടുവിലായി പുനരുത്ഥാനത്തിന്റെ ശക്തി പ്രതികൂലങ്ങളെ നേരിടുന്നതിനും കയ്പേറിയ പരിശോധനകളെ സഹിക്കുന്നതിനും നമ്മെ സഹായിക്കുന്നു. ഫിലിപ്യ ലേഖനത്തിൽ നാം വായിക്കുമ്പോൾ, പുനരുത്ഥാനത്തിന്റെ ശക്തി ക്രിസ്തുവിന്റെ കഷ്ടതയിൽ കൂട്ടാളിയാകുവാനും തന്റെ മരണത്തോട് ഏകീഭവിപ്പാനും നമ്മെ സഹായിക്കുന്നു. അത് നമ്മെ കർത്താവിനോടുകൂടെ കർത്താവിനു വേണ്ടി കഷ്ടം സ,ഹിപ്പാൻ നമ്മെ പ്രാപ്തരാക്കുന്നു.

അവിടുത്തെ കഷ്ടതകൾ സർവ്വലോകത്തിനും വേണ്ടിയായിരുന്നു. പുനരുത്ഥാനത്തിന്റെ ശക്തി അവിടുത്തെ വിശുദ്ധ ദു:ഖങ്ങളും, സഭയുടെ കഷ്ടങ്ങളും നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനും പങ്കുവയ്ക്കുവാൻ സഹായിക്കുന്നു. കഷ്ടതയുടെ കഠിനമായ അവസ്ഥയിലും പ്രതിസന്ധികളുടെ താഴ്ന്ന തലത്തിലും ദൈവകൃപയുടെ ശക്തിയും മഹത്വവും അറിയുവാൻ അത് നമ്മെ സഹായിക്കുന്നു. ഉയരത്തിൽ നിന്നും നാം ആഴത്തെ അറിയണം. അങ്ങനെ തിരുവചനം നമുക്ക് കിട്ടി അതു നമ്മെ സ്വർഗ്ഗസ്ഥലങ്ങളിലേക്കുയർത്തുന്നു. അത് ചുമതലകളിലേയ്ക്ക് നമ്മെ കൊണ്ടുവരുന്നു, പുതിയ ബന്ധങ്ങളിലേക്ക് നമ്മെ നടത്തുന്നു, രൂക്ഷമായ കഷ്ടതകളിലേക്കും.

എഫെസ്യ, കൊലൊസ്യ ലേഖനങ്ങൾ വിശ്വാസത്തിന്റെയും ശക്തിയുടെയും ഉന്നതമായ മനോഭാവങ്ങളെക്കുറിച്ച് സംസാരിക്കുന്നു, പരീക്ഷകളെക്കുറിച്ച് സംസാരിക്കുന്നു, ഭാര്യയുടെയും ഭർത്താവിന്റെയും കടമകളെക്കുറിച്ച് സംസാരിക്കുന്നു, സത്യത്തെക്കുറിച്ചും, നീതിയെക്കുറിച്ച് വിശ്വസ്തയെക്കുറിച്ച് മനുഷ്യ ജീവിതത്തിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ചും സംസാരിക്കുന്നു.

കഷ്ടതയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ അപ്പോസ്തലന്മാർ പഠിപ്പിക്കുന്നു. “ മഹത്വം ” നമ്മുടെ ഉന്നതമായ മനോഭാവത്തെ വെളിപ്പെടുത്തുന്നു. പീഢ കഷ്ടതയുടെ ആഴമാണ്. അതുകൊണ്ട് താഴ്മയും അതിന്റെ ആഴങ്ങളും നേരിടുമ്പോൾ ഉന്നതവും സ്വർഗ്ഗീയവുമായ ആത്മാവിൽ നാം ജീവിക്കേണ്ടതാണ്. മറുരൂപമലയിൽ നിന്നും ഇറങ്ങിച്ചെല്ലുന്നത് പൈശാചികമായ ഒരു താഴ്വരയിലേക്കാണ്. കഷ്ടതയുടെ ലോകത്തിലും പിശാചിന്റെ ശക്തിയെ പുറത്താക്കുന്നു.

അങ്ങനെ കർത്താവ് നമുക്കുവേണ്ടി കഷ്ടത അനുഭവിച്ചു. പുനരുത്ഥാനത്തിന്റെ ശക്തി ദൈവമഹത്വത്തിന്റെ ഉയരങ്ങളിലേക്ക് നമ്മെ നടത്തുന്നു. മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരേണ്ടതിന് അവരുടെ അടുക്കലേക്ക് കർത്താവ് പോയതുപോലെ നമുക്കും പോകാം. അവിടുത്തെ കൂട്ടായ്മയിലും ശുശ്രൂഷയിലും ഉള്ള മാധുര്യം നമുക്ക് നുകരാം. ❖

(3-ാം പേജിന്റെ തുടർച്ച)

വേദപുസ്തകത്തിന്റെ ആധികാരികത

മായും ആധികാരികമായും പ്രയോഗിക്കുന്ന അധികാരം അതാണ്. ഒരു കല്പനയോ ഉത്തരവോ ഉണ്ടാകുമ്പോൾ അധികാരത്തിലിരിക്കുന്ന വ്യക്തി തീരുമാനിക്കും എന്ത് ചെയ്യണമെന്ന്. അതിന്റെ കൃത്യമായ അർത്ഥത്തിൽ യേശു പ്രവർത്തിക്കുന്നു. തന്റെ വചനത്തിലൂടെ. യേശു ഈ പ്രപഞ്ചത്തിന്റെയും നമ്മുടെ ജീവിതത്തിന്റെയും കർത്താവാണ്. തന്റെ വചനത്തിലൂടെയാണ് നമ്മിൽ അധികാരം നടത്തുന്നത്. അത് വേദപുസ്തകത്തിലൂടെയാണ് അവിടുന്ന് ചെയ്തത്, അങ്ങനെയാണ് തന്റെ ഇഷ്ടം പ്രസിദ്ധമാക്കിയത്.

തിരുവെഴുത്തുകൾ ദൈവത്തിന്റെ വചനം ആയിരിക്കുമ്പോൾ തന്നെ, പുതിയ നിയമം ക്രിസ്തുവിന്റെ വചനങ്ങളായിട്ടാണ് നാം കാണുന്നത്, ദൈവത്തിന്റെ സ്വന്തം അധികാരത്തിലാണ് പുതിയ നിയമവും സംസാരിക്കുന്നത്. പുതിയനിയമത്തിന്റെ അധികാരം ക്രിസ്തുവിന്റെ അധികാരമാണ്. ചിലർ ചിന്തിക്കുന്നതുപോലെ യേശുവിന്റെ വ്യക്തിപരമായ അധികാരവും ദൈവവചനമായ വിശുദ്ധ വേദപുസ്തകത്തിന്റെ അധികാരവും സംബന്ധിച്ച് യാതൊരു വ്യത്യാസവുമില്ല. യേശുക്രിസ്തുവിന്റെ അധികാരവും വേദപുസ്തകത്തിന്റെ അധികാരവും വേറിട്ടു കാണേണ്ടതായ ആവശ്യമില്ല. അവ നിശ്ചയമായിട്ടും ഒന്നാണ്.

വേദപുസ്തകം സകലത്തിന്മേലും അധികാരം നടത്തുന്നു. കാരണം അത് ദൈവശ്വാസീയവും തെറ്റികൂടാത്തതുമായ ദൈവവചനമാണ്. ഇത് ദൈവത്തിന്റെ വചനം അല്ലെങ്കിൽ അതിന് ഒരു അധികാരവുമില്ല. ഇത് ദൈവവചനമെങ്കിൽ ആകുന്നുതാനും- അപ്പോൾ ഇത് ദൈവത്തിന്റെ സ്വന്ത അധികാരത്തിൽ സംസാരിക്കും.

അങ്ങനെയെങ്കിൽ ക്രിസ്തുവിന്റെ കർത്തൃത്വത്തിന് നമ്മെത്തന്നെ സമർപ്പിക്കരുതോ? ദൈവവചനത്തിന്റെ മുമ്പാകെ ഉപാധിവയ്ക്കാതെയും സമ്പൂർണ്ണമായും നമ്മെ സമർപ്പിക്കണം. ദൈവചന സത്യത്തിന് നമ്മുടെ മനസിനെ ഏല്പിച്ചുകൊടുക്കണം. നമ്മുടെ ഇഷ്ടത്തെയും സ്വഭാവത്തെയും അത് നിയന്ത്രിക്കണം. ക്രിസ്തുവിനോടുള്ള വിശ്വസ്തതയും, അവിടുത്തെ വചനത്തിന്റെ പാഠങ്ങളും അല്ലാതെ വേറെ വഴിയില്ല, അവിടുത്തെ വാക്ക് അവസാനത്തേതാണ്!

ദൈവവചനത്തോടുള്ള ഒരു വ്യക്തിയുടെ മനോഭാവം യേശുവിനോടുള്ള മനോഭാവത്തെ വ്യക്തമാക്കുന്നു. ഒരു ക്രിസ്ത്യാനി പറയേണ്ടത് ദൈവവചനം പറയുന്നത് ഞാൻ ചെയ്യേണ്ടതല്ലയോ? യേശുകർത്താവ് എന്ന് ഏറ്റു പറയുകയും വേദപുസ്തകത്തിനെതിരെയുള്ള എല്ലാ വാദങ്ങളെയും എതിർത്തു നിൽ ക്കയും വേണം. യേശു ഇങ്ങനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു, “ **എന്നെ കർത്താവേ, കർത്താവേ, എ ന്ന് വിളിക്കയും ഞാൻ പറയുന്നത് ചെയ്യാതിരിക്കയും ചെയ്യുന്നത് എന്ത്?** (ലൂക്കൊ. 6:46).

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ദൈവം അയയ്ക്കുന്ന ഉണർവ്വിനായുള്ള ഒരുക്കം

നാം നിസാരം എന്ന് ചിന്തിച്ച പല കാര്യങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പാപമാണ് എന്ന് തെളിയുന്നു. വിശുദ്ധി എന്നത് ദൈവത്തിന്റെ സ്വഭാവമാണ്. അശുദ്ധിയിൽ നിന്നും നാം തിരിയണം. ചെറിയ കാര്യങ്ങളെപ്പോലും ഗൗരവമായി കണക്കാക്കി ആസക്തികളെ വെറുത്തു കർത്താവ് ആയിരിക്കുന്നതു പോലെ കണ്ട് മഹത്വം കൊടുക്കുന്നു. യാതൊരു ഒഴികഴവും ഇല്ല, മറ്റുള്ളവരെ മോശക്കാരായി കാണുന്നില്ല, വ്യർഥവായ കാര്യങ്ങളില്ല, കാണിച്ചു തന്ന സത്യത്തെ പിൻപറ്റുകയത്രേ ചെയ്യുന്നത്. പരിശുദ്ധാത്മാവിന്റെ പ്രകാശനങ്ങൾ അനുസരിച്ചു നടക്കുന്നു. ദൈവത്തിന്റെ ഇഷ്ടത്തിന് വിധേയരാകുന്നു. ദൈവത്തിന് മഹത്വം കൊടുക്കുന്ന കാര്യങ്ങൾ ചെയ്യുന്നു.

ദൈവത്തിന്റെ വചനം ഗൗരവമായി എടുക്കുന്നതുവരെ, ദൈവം ആവശ്യപ്പെടുന്ന വഴികളെ അന്വേഷിച്ച്, അനുസരിക്കുന്നതുവരെ ദൈവം അയയ്ക്കുന്ന ഉണർവ്വിൽ നിന്നും നാം വളരെ ദൂരെയായിരിക്കും.

കറയും കളങ്കവുമില്ലാത്ത മണവാട്ടിയായി സഭയെ ഒരുക്കുവാൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്ത തിനേക്കാൾ വലിയ തീക്ഷ്ണത ആർക്കും സഭയുടെ ഉണർവ്വിനെ സംബന്ധിച്ച് ഉണ്ടാവില്ല. എവിടെയെല്ലാം എപ്പോഴെല്ലാം ദൈവജനം ദൈവവചനത്തിന്റെ ദൂത് ഹൃദയങ്ങളിൽ ഏറ്റെടുത്തു മുഴങ്കാലിൽ നില്ക്കുവാൻ തയ്യാറായിട്ടുണ്ടോ അവിടെയൊന്നും ദൈവം തന്റെ വാഗ്ദത്തം നിറവേറ്റുന്നതിൽ പരാജയപ്പെട്ടിട്ടില്ല. നമ്മുടെ ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യം എന്നത് ഒരു ഉണർവാണ്. നമുക്കോരോരുത്തർക്കും ആ ഉണർവ്വിന്റെ ഒരുക്കത്തിൽ പങ്കുചേരാം. കർത്താവേ, അവിടുത്തെ ജനത്തിൽ കാണുന്ന അവിടുത്തെ മഹത്വം വീണ്ടും പ്രാപിച്ച് അങ്ങയുടെ വിശുദ്ധിയുടെ മനോഹാരിതയും സ്നേഹവും അണിഞ്ഞവരായി ലോകത്തിൽ അത്ഭുതമായി വിളങ്ങുവാൻ അനുഗ്രഹിക്കേണമേ. ❖

(7-ാം പേജിന്റെ തുടർച്ച)

വേദപുസ്തകത്തിന്റെ ആധികാരികത

യേശു കർത്താവ് എങ്കിൽ അവിടുത്തെ വാക്കും അവസാനത്തേതാണ്. നമ്മുടെ ജീവിതത്തിന്റെയും സഭകളുടെയും ശ്രേഷ്ടമായ അധികാരമായി ദൈവവചനം ആയിരിക്കണം.

ദൈവവചനത്തിന്റെ അറിവ് കല്പനാപരമാണ്.

നമ്മുടെ കർത്താവായ യേശുവിന് സമർപ്പിക്ക എന്നു പറഞ്ഞാൽ വചനത്തിന് സമർപ്പിക്ക എന്നു തന്നെയാണ്. അങ്ങനെ ദൈവവചനത്തിന്റെ അറിവ് കല്പനാപരമാണ്. ദൈവത്തിന്റെ വചനം നാം അറിയാതിരുന്നാൽ യേശുക്രിസ്തുവിന്റെ കർത്തൃത്വത്തെ നമ്മിൽ പ്രായോഗികമാക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഓരോ വിശ്വാസിയുടെയും ജീവിതത്തിലും സഭയുടെ കാര്യപരിപാടികളിലും ദൈവവചനത്തിന്റെ അറിവ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായിരിക്കുന്നത്.

(4-ാം പേജിന്റെ തുടർച്ച) ❖

പ്രതിയോഗിയെ നേരിടുന്നു

മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കയും സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാവ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും .....വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും " (എഫെ. 1:18-21).

എന്തിനാണ് നമ്മുടെ അകത്തെ കണ്ണുകൾ തുറക്കുവാനായി പൗലൊസ് പ്രാർത്ഥിക്കുന്നത്? പല വിശ്വാസികളും തങ്ങളുടെ പദവിയെക്കുറിച്ച് ബോധവാന്മാരല്ല. നാം ആരാണെന്ന് മനസ്സിലാക്കാൻ കഴിയാത്തിടത്തോളം നമ്മുടെ പദവിയിൽ നിന്നും സ്വതവേ നമുക്ക് ലഭിക്കേണ്ടതായ സ്വാതന്ത്ര്യത്തെയും അനുഗ്രഹത്തേയും നമുക്ക് അനുഭവമാക്കാൻ കഴിയുന്നതല്ല. മാത്രമല്ല പൗലൊസ് പറയുന്നത്, ആത്മികലോകത്തിലുള്ള നമ്മുടെ പദവി. അത് വലുതാണെങ്കിലും നാം പലപ്പോഴും അത് കാണാതെ പോകുന്നു. എത്രത്തോളം നമ്മുടെ പദവിയെ അംഗീകരിക്കുന്നതിൽ നാം പരാജയപ്പെടുമോ അത്രത്തോളം അന്ധകാരത്തിന്റെ ലോകാധിപതികളോട് നാം പരാജയപ്പെടുകയും എന്നും അടിമത്വത്തിൽ ആയിരിക്കയും ചെയ്യും.

അധികാരത്തിന്റെ ആഴവും വിശാലതയും

എഫെ. 1:19-23 വാക്യങ്ങളിൽ ക്രിസ്തുവിൽ നമുക്കുള്ള അധികാരത്തിന്റെ ശക്തമായ ഉറവിടത്തെക്കുറിച്ച് പൗലൊസ് സംസാരിക്കുന്നു. പൗലൊസ് വ്യക്തമാക്കുന്നത്, " ദൈവശക്തിയുടെ വിശാലമായ കലവറയിൽ നിന്നും ഒഴുകി, യേശുക്രിസ്തുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ച് പിതാവിന്റെ വലത്തുഭാഗത്തു ഇരുത്തുകയും ചെയ്തു". ആ ശക്തിയെ വർണ്ണിക്കുവാൻ പൗലൊസ് ഇവിടെ നാലു ഗ്രീക്ക് പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു (ശക്തി) പ്രവർത്തിക്കുന്നു. (ബലം) (ശക്തി). കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപിന്റെ ശക്തിയെക്കുറിച്ച് തിരുവചനത്തിൽ ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്. ആ ശക്തി അനുദിന ജീവിതത്തിൽ സാത്താനെ പരാജയപ്പെടുത്തി ജീവിക്കുവാൻ നമ്മെ സഹായിക്കുന്നു.

ക്രിസ്തീയ അധികാരത്തിന്റെ വിശാലമായ സാദ്ധ്യതകളിലേക്ക് ശ്രദ്ധ തിരിക്കുവാൻ " എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിനും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും " (എഫെ. 1:20). ഏറ്റവും ശക്തരായ രാഷ്ട്രീയ, സാമൂഹിക, പട്ടാള നേതാക്കന്മാരെക്കുറിച്ച് ചിന്തിക്കുക. ഭീതി പരത്തുന് ഭീകരന്മാർ, കുറ്റവാളികൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർ, കുപ്രസിദ്ധരായ ഭീകരന്മാർ തുടങ്ങിയവർ തങ്ങളുടെ കാലഘട്ടങ്ങിൽ പൈശാചികമായ പ്രവർത്തികൾ കാണിച്ചു ശ്രദ്ധേയരായിത്തീർന്നിട്ടുണ്ടാവാം. സാത്താനെക്കുറിച്ചും അവന്റെ ഇരുട്ടിന്റെ അധികാരത്തെക്കുറിച്ചും ചിന്തിക്കുക. എന്നാൽ യേശുവിന്റെ ആധിപത്യം സ്വർഗ്ഗത്തിൽ മാത്രമല്ല ഭൂമിയിലും, ആത്മികവും, ഭൗമികവുമായി, കഴിഞ്ഞ കാലത്തിലോ, ഇപ്പോഴോ, വരുവാനുള്ളതിലോ, ഒക്കെയും എല്ലാറ്റിനും മീതെ ഇരിക്കുന്നു. യേശുവിനോട് താരതമ്യം പറയാനാരുമില്ല. അവിടുത്തെ അധികാരം സ്വാതന്ത്ര്യത്തോടും പൈശാചികമായ സകല പോരാട്ടങ്ങളുടെയും മീതെ ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

അപ്പോസ്തലന്മാർ ചെയ്തതുപോലെ സകല രോഗങ്ങളുടെമേലും അധികാരമുണ്ട് എന്ന് ഈ വേദഭാഗം അർത്ഥമാക്കുന്നില്ല. സകല പൈശാചിക ശക്തികളുടെമേലും അധികാരമുണ്ട്. നമ്മുടെ അധികാരം ആത്മമണ്ഡലങ്ങളിലാണ്.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....

"God loves a cheerful giver"

THIRUMALA MISSIONARY PRAYER FELLOWSHIP

(Reg. No.T.2032/1998)

Thirumala, Thiruvananthapuram - 695006

No. Date.....

Received with thanks from.....

.....a sum of

Rs.....

for the Gospel work.

TREASURER

Rs.....